# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1809      4.12.2015 ൽ മറുപടിയ്ക്ക്

## <u>അംഗപരിമിതരുടെ പെൻഷൻ പരിഷ്കരണം</u>

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.റ്റി.യു.കുരുവിള | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) |
| (എ) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗത്തിനുവേണ്ടി സമാശ്വാസ പദ്ധതികൾ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് സമാശ്വാസ/ക്ഷേമ പദ്ധതികൾ സർക്കാർ തലത്തിൽ നടപ്പിലാക്കി വരുന്നത്. നിലവിലെ ക്ഷേമ പദ്ധതികളിലേയും സമാശ്വാസ പദ്ധതികളിലേയും പോരായ്മകൾ തിരിച്ചറിഞ്ഞ് കാലോചിതമായ മാറ്റങ്ങൾ വരുത്തിയും നവീനങ്ങളായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയും ആനുകൂല്യങ്ങൾ അർഹരായ വിഭിന്നശേഷിയുള്ളവരിൽ എത്തിക്കുന്നതിനും സർക്കാർ തലത്തിൽ ശ്രദ്ധിച്ചുവരുന്നുണ്ട്. അംഗപരിമിതർക്കായുള്ള തൊഴിൽദാന പദ്ധതി, വായ്പ-ധനസഹായ പദ്ധതികൾ, സഹായോപകരണ വിതരണ പദ്ധതി എന്നിവ സാമൂഹ്യനീതി വകുപ്പും അതിന്റെ ഏജൻസികളായ കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നിവ മുഖേനയും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. സന്നദ്ധ സംഘടനകളുടെയും വ്യക്തികളുടെയും സഹകരണം സർക്കാർതല ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നവയാണ്.<br>പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് കൂടുതൽ ഊന്നൽ നൽകി ഫണ്ടുകൾ സമയബന്ധിതമായി അനുവദിക്കുന്നതിലൂടെയുമാണ് സമാശ്വാസ പദ്ധതികൾ വിജയകരമായി നടപ്പിലാക്കാൻ കഴിയുന്നത്. |

| | |
|---|---|
| (ബി) അംഗപരിമിതരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) അംഗപരിമിതരുടെ ക്ഷേമ പെൻഷനുകളിൽ ഭൂരിഭാഗവും നടപ്പിലാക്കി വരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. അംഗപരിമിതർക്കുള്ള നിലവിലെ ആനുകൂല്യങ്ങൾക്കുള്ള തുക അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെടുമ്പോഴും വ്യവസ്ഥകളിൽ മാറ്റം അനിവാര്യമാകുന്ന സന്ദർഭങ്ങളിലും പരിശോധിച്ച് ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ